Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

08.07.2026

# ജൂബിലി മിഷൻ
# കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജ്

ഇന്ത്യ ടുഡേ-എം.ഡി.ആർ.എ-യുടെ ബെസ്റ്റ് കോളേജസ് സർവ്വേ 2026-ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജായി തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷം ദേശീയ തലത്തിൽ 42-ാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലിക്ക് കഴിഞ്ഞ വർഷത്തെ 45-ാം സ്ഥാനത്തുനിന്ന് മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചുവെന്ന് പ്രിൻസിപ്പാൾ ഡോ. എം. എ ആൻഡ്രൂസ് അറിയിച്ചു.

വിദ്യാർത്ഥികളുടെ നിലവാരം, അക്കാദമിക് മികവ്, അധ്യാപന-ഗവേഷണ നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, ക്യാമ്പസ് അനുഭവം, വ്യക്തിത്വ-നേതൃത്വ വികസനം, തൊഴിൽ സാധ്യതകൾ, സ്ഥാപനത്തിന്റെ പൊതുജന-വിദഗ്ധ വിലയിരുത്തൽ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇന്ത്യ ടുഡേ-എം.ഡി.ആർ.എ. റാങ്കിംഗ് തയ്യാറാക്കുന്നത്.

കേരളത്തിൽ ഒന്നാം സ്ഥാനവും ദേശീയ തലത്തിൽ മികച്ച മുന്നേറ്റവും കൈവരിച്ച ജൂബിലി മിഷന്റെ ഈ നേട്ടം വിദ്യാഭ്യാസ മികവിനും ഗവേഷണ മികവിനും രോഗീകേന്ദ്രീകൃത ആരോഗ്യസേവനത്തിനുമുള്ള അംഗീകാരമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു.